## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*218.** **17.06.2019 ൽ മറുപടിയ്ക്ക്**

### സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, അനിൽ അക്കര**<br>**,, എ.പി. അനിൽ കുമാർ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം സമൂഹത്തിന് ഭീഷണിയാകുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) യും (ബി) യും | സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമായി കണ്ടുവരുന്നില്ല. മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾക്കൊപ്പം ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് |
| (ബി) | സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലഹരിക്കെതിരായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | മെഡിക്കൽ സ്റ്റോറിൽ ലഭിക്കുന്ന റോഹിപ്നോൽ പോലുള്ള മരുന്നുകളെ മദ്യത്തിൽ കലർത്തി ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതായി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാനുള്ള എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഹിപ്നോൾ (Rohypnol) ഔഷധമായി ഇൻഡ്യയിൽ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇത്തരം മരുന്നുകൾ ഔഷധ വ്യാപാര സ്ഥാപനങ്ങൾ വഴി വില്പനയ്ക്കായി ലഭ്യമല്ല. |
| (ഡി) | ഈ സർക്കാർ വ്യാപകമായി ബാറുകൾക്ക് ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനും അതുവഴി മദ്യം ഉപയോഗപ്പെടുത്തി നിർമിക്കുന്ന സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏറെ സുതാര്യവും പ്രായോഗികവുമായ മദ്യനയമാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 3 സ്റ്റാറും അതിനു മുകളിലും ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചു വരുന്നുണ്ട്. മദ്യനിരോധനം പ്രായോഗികമല്ലെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന നയമാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. ഈ നയം മറ്റേതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ വ്യാപനത്തിന് കാരണമാണെന്ന വാദം അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ